

# വഴിയറിയാതെ

## അദ്ധ്യായം ഇരുപത്തിമൂന്ന് -തുടർച്ച-

'പലപ്പോഴും അച്ചൻകുഞ്ഞിച്ചായൻ അതിനുള്ള അവസരം ഉണ്ടാക്കിയെങ്കിലും, ഒരിക്കലും അതിന് കഴിയാതെ പോയി! ഇനി ഇപ്പോഴും ...പണ്ട് അപ്പൻ മരിക്കുന്നതിനുമുമ്പ് നമ്മളും ഒരുമിച്ചിരുന്നല്ലേ വല്ലതും കഴിച്ചിട്ടുള്ളു!'

'അത്രേ ഉള്ളു!'

ഒരു ഭോഷനെപ്പോലെ ഡോക്ടർ തലയാട്ടി. അദ്ദേഹം ഓക്കയായിരുന്നു.

എന്നും തനിച്ചിരുന്നേ അപ്പൻ വല്ലതും കഴിക്കൂ. മക്കളാരും അടുത്തു് ഇരിക്കുന്നതു് ഇഷ്ടമല്ല. അപ്പൻ കഴിച്ച് എഴുന്നേററാലുടനെ അമ്മയുടെ മുമ്പിൽ നിരന്ന് ഇരിക്കും. തങ്കമ്മ തൊട്ട് ആനി വരെ. ആനിയെ ശുണ്ഠിപിടിപ്പിക്കാൻ വേണ്ടി അച്ചൻകുഞ്ഞു് പലപ്പോഴും ചോദിക്കും.

'ഇതു് എവിടത്തെ മര്യാദയാ? എത്ര പെണ്ണുങ്ങളാണെന്നറിഞ്ഞില്ലേ ആണുങ്ങടെ ഒപ്പമിരുന്ന് ചോറുണ്ണുന്നതു്?'

'ആ-ആ-അതു് ശരിയാണല്ലോ!'

അനിയൻകുഞ്ഞു് അവനെ പ്രോത്സാഹിപ്പിക്കും.

'ആണുങ്ങള് കഴിച്ചു കഴിഞ്ഞു് മിച്ചം വല്ലതുമുണ്ടെങ്കിൽ അതാ പെണ്ണുങ്ങള് കഴിക്കേണ്ടതു്.'

'അതിനിപ്പം ഇവിടെ മനസ്സില്ലെങ്കിലോ?'

ആനി ഉടനെ ഏററുപിടിക്കും

'നിങ്ങടെ എച്ചില് തിന്നാൻ ഞാൻ പട്ടിച്ചിയല്ലേ എന്നു വച്ചാല്....ഹ!'

അങ്ങനെ ഒന്നും രണ്ടും പറഞ്ഞു് ഒടുവിൽ വഴക്കാകും. ചിലപ്പോഴം അടിപിടിയിലേ സംഗതി അവസാനിക്കൂ. അല്ലെങ്കിൽ, തോൽവിയാണെന്നു കണ്ടാൽ അവഴം ഉറക്കെ നിലവിളിച്ചു കളയും. അവളുടെ ആയുധം അതായിരുന്നു.

മെഡിക്കൽ കോളേജിൽ പഠിക്കാൻ പോയകാലം തൊട്ടാണു് ഒരുമിച്ചിരുന്നു് വല്ലതും കഴിക്കുകയെന്ന പതിവ് മുടങ്ങിയതു്. വല്ലപ്പോഴും അവധി കിട്ടി വരുമ്പോഴം അമ്മ ആദ്യമേ തനിക്കു് ചോറു വിളമ്പും. മിക്കവാറും അച്ചൻകുഞ്ഞു് ആ സമയത്തു വീട്ടിൽ ഉണ്ടാകാറില്ല. അഥവാ വീട്ടിലുള്ള അവസരമാണെങ്കിൽ തന്നെ ഒരുമിച്ചിരുന്നു് കഴിക്കാൻ അവൻ കൂട്ടാക്കുകയില്ല.

'കുഞ്ഞിച്ചായൻ കഴിക്കു്, ഞാൻ പിന്നെ ഇരുന്നോളാം'

അവൻ ഒഴിഞ്ഞുമാറാൻ നോക്കും. അമ്മ അതിനു് എതിരു പറയാറുമില്ല. ചോറു് കറവാണെന്നു തോന്നിയിട്ടോ, ആ വിവരം തന്നെ അറിയിക്കെണ്ടെന്നു കരുതിയിട്ടോ ആയിരുന്നു. അവന്റെ ഈ ഒഴിഞ്ഞുമാററമെന്നു് പിന്നീടാണു് മനസ്സിലാക്കാൻ കഴിഞ്ഞതു്....

'കുഞ്ഞിച്ചായനു് ചോറു് കൊറച്ചൂടെ ഇടട്ടെ?'

അനിയൻകുഞ്ഞിന്റെ പെമ്പിള ചോദിക്കുന്നതു് കേട്ടു് ഡോക്ടർ ഓർമ്മകളിൽനിന്നുണർന്നു.

വേണ്ടെന്നു് അദ്ദേഹം കൈകൊണ്ടു് ആംഗ്യം കാണിച്ചപ്പോഴം അവഴം പരിഭ്രമിച്ചു.

'തീരെ കൊറച്ചേ ഉണ്ടൊള്ളല്ലോ! കറി ഇഷ്ടപ്പെടാഞ്ഞിട്ടാണോ?'

'ഇല്ല, മതി, വയർ നിറഞ്ഞു.'

ഇലയിൽ നിരന്നു കിടന്ന വററുകഴം ത്തുത്തുകൂട്ടി, ഇലമടക്കി ഡോക്ടർ എഴുന്നേററു കൈ കഴുകി.

മുററത്തെ മങ്ങിയ നിലാവത്തു്, അസ്വസ്ഥമായ ഹൃദയത്തോടെ ഉലാത്തിക്കൊണ്ടിരുന്നപ്പോഴം അനിയൻ കുഞ്ഞു് മെല്ലെ അടുത്തുചെന്നു വിളിച്ചു

'കുഞ്ഞിച്ചായാ!'

ഡോക്ടർ പെട്ടെന്നു പിന്തിരിഞ്ഞു.

'കുഞ്ഞിച്ചായൻ ഇന്നു് ഇവിടെ കിടക്കുവല്ലേ? അതോ വീട്ടിലോട്ടു പോകുന്നോ? അവിടെയായാൽ കട്ടിലൊണ്ടായിരുന്നു!'

അവന്റെ ചോദ്യത്തിനു മറുപടിയായി ഡോക്ടർ ഒരു മറുചോദ്യമാണു് ചോദിച്ചതു്

'നീ ഇവിടെയല്ലേ കിടക്കാനുദ്ദേശിക്കുന്നതു്?

'അല്ല.'

'ഇന്നു് ഒരു ദിവസത്തേക്കു' എങ്കിലും എല്ലാരുംകൂടെ ഇവിടെ കൂടുവല്ലേ നല്ലതു്?

'പക്ഷെ കുഞ്ഞിച്ചായാ എനിക്കു് കോയമ്പത്തൂരുവരെ പോകണം!'

'ഇനിയോ? ഈ രാത്രിയോ?'

ഡോക്ടറുടെ സ്വരത്തിൽ ഉത്കണ്ഠ.

'ഇക്കഴിഞ്ഞ വെളുപ്പിനെ പോകേണ്ടതാരുന്നു. നാളെ വൈകുന്നേനുമുമ്പ് സാധനം അങ്ങു് എത്തിച്ചില്ലെങ്കിൽ വല്യനഷ്ടമാ!

'പക്ഷെ, നീ ഇന്നലെ രാത്രി മുഴുവൻ ഉറക്കമിളച്ചതല്ലേ. ഇന്നു പകലും ഉറങ്ങി കാണുകേലല്ലോ.

(ശേഷം 4-ാം പേജിൽ)

**ജേക്കബ് കണ്ണന്താനം.**

കവിത

# വാഴ്‌വുകൾക്കായി

ഗലീല നാടിന്റെ നിടിലത്തിൽ തിലകമായ്
വിലസുന്ന കാനായിഗ്രാമത്തിലെ
കുലീന ഗേഹമതിലെ ലലനതൻ
കല്യാണകമ്മത്തിൽ പങ്കുകൊള്ളാൻ
മാല്പുരണ്ടൊരു മാനവവംശത്തി-
നാലംബമായ് വന്ന യേശുദേവൻ
തൻപ്രിയമാതാവും ശിഷ്യഗണവുമായ്
സംപ്രീതനായാ ഭവനെയെത്തി
ദമ്പതിമാർക്കവൻ ഭാവുകമർപ്പിച്ചി-
ട്ടംബതൻ ചാരത്തു വന്നുനിന്നു.
സ്തംഭിച്ചുനില്ക്കുന്നോരാതിഥേയനെ
അൻപാർന്നൊരാ അമ്മ കാട്ടിയിട്ട്
തന്നുടെ തനയനോടായവഴം കേണു
'നന്മ ചൊരിയണെ പ്രിയമകനെ'
സന്താപ കാരണമെന്താണെന്നപ്പോഴം
തൻ തിരുമാതാവോടാരാഞ്ഞു
'വിളമ്പുവാനിനിയും വീഞ്ഞില്ല പുത്രനെ
തളർന്നു ഗൃഹനാഥൻ വീണുപോകും!
'എന്തേ നിനക്കുമെനിക്കുമിതിൽ?'
വന്ദ്യയാം മാതാവോടായുരചെയ്യവൻ
പ്രത്യുത്തരമൊന്നും നൽകാതവഴം
പുത്രന്റെ ശക്തിയിൽ വിശ്വസിച്ചു.
ഭക്തർക്കു ശക്തിപകരുന്ന തമ്പുരാൻ
ഭൃത്യവൃന്ദത്തെ വരുത്തിയിട്ട്
പാത്രത്തിലൊക്കെയും വെള്ളംനിറക്കുവാൻ
പ്രത്യാശയോടെയന്നാജ്ഞ നൽകി
തുളുമ്പും ഭരണിയിൽനിന്നുമെടുത്തു്
വിളമ്പുക വീഞ്ഞെന്നവൻ മൊഴിഞ്ഞു
നുരഞ്ഞു പതയുന്ന വീഞ്ഞുനുകർന്ന
വിരുന്നുകാരന്നതിൻ മേന്മ വാഴ്ത്തി
തകരുന്നനേരം ഭക്തഹൃദയത്തിൽ
പകരുന്നു ശക്തി ശ്രീയേശുനാഥൻ
പ്രാർത്ഥിക്ക പ്രാർത്ഥിക്ക നിത്യവും നാം
അർത്ഥിക്ക അർത്ഥിക്ക വാഴ്‌വുകഴക്കായി

**ജയൻ ആൻഡ്രൂസ്**

# അമൃതബിന്ദുക്കൾ!



**അറുപത്തിഅഞ്ച്**

ദുർബുദ്ധികൊണ്ടു വിദ്വേഷം;
സൽബുദ്ധികൊണ്ടു സൗഹൃദം.

**അറുപത്തിആറ്**

അന്യായമായിനേടീടും
സമ്പത്തുതകാതെപോം

**അറുപത്തിഏഴ്**

അദ്ധ്വാനത്തിന്റെ സമ്പാദ്യം
വർദ്ധിച്ചീടും നിരന്തരം

**ശ്രീപാദം ഈശ്വരൻ നമ്പൂതിരി**

## വഴിയറിയാതെ...

(3–ാം പേജിൽനിന്നു് തുടർച്ച....)

'ഓ ...ഉറക്കമൊന്നും സാരമില്ല. ഞങ്ങൾക്കു് ഉറക്കം വല്ലപ്പോഴുമൊക്കെയല്ലേ!'

'അങ്ങനെ ഉറങ്ങാതിരിക്കുന്നതു് ക്ഷീണമാ!'

ഡോക്ടറുടെ ഉപദേശം കേട്ടപ്പോൾ അവൻ ചിരിച്ചു.

'അതൊക്കെ നോക്കിയാ, ജീവിക്കാൻ പററുമോ കുഞ്ഞിച്ചായാ! ആ–പിന്നെ; ഞാൻ വന്നിട്ടു് പോയാൽ പോരെ കുഞ്ഞിച്ചായനു്?'

'നീ എപ്പഴാ വരുന്നതു്?'

'നാളെ കഴിഞ്ഞു് രാത്രി ഏതെങ്കിലുമൊരു നേരത്തേ ഞാൻ വരു. അവിടുന്നു് ഇങ്ങോട്ടും ലോഡുകാണും.'

'അയ്യോ! അതുവരെ നില്ലാൻ പററുകേല, നാളെ ഉച്ച കഴിയുമ്പോൾ എനിക്കു പോണം.'

'ധൃതിവച്ചു് അങ്ങോട്ടു ചെന്നിട്ടു് എന്തു ചെയ്യാനാ? ജോലിക്കു് ഒന്നും പോകേണ്ടല്ലോ. ഒരാഴ്ച ഇവിടെ ചുററിയടിക്കു്!'

'ഒരാഴ്ചയോ! നല്ല ശേലായി. അവിടെ ചെന്നു് പല കാര്യങ്ങൾ ശരിയാക്കാനുണ്ടു്! ഇനി കുറച്ചുദിവസം കൂടെയേ ഞാൻ ഇവിടെ കാണു.'

'കുറച്ചുദിവസം കൂടെയോ?'

അനിയൻ കുഞ്ഞിൻെറ ശബ്ദത്തിൽ ആകാംക്ഷ തിരതല്ലി.

'അതിനു് കുഞ്ഞിച്ചായൻ എവിടെ പോകുവാ?'

'അമേരിക്കയിൽ മോൾടെ അടുത്തേക്കു്. ഗ്രേസിയും അവിടെയല്ലേ!'

'ഉടനെയോ?'

'ഏറിയാൽ ഒരു മാസം.'

'അവിടെ ചെന്നാൽ കുഞ്ഞിച്ചായൻ പിന്നെയുണ്ടോ ഇങ്ങോട്ടു തിരിച്ചുവരാൻ പോകുന്നു. ഇവിടെയിനി കുഞ്ഞിച്ചായനു് ആരാ?'

അനിയൻകുഞ്ഞിൻെറ തൊണ്ടയിടറി.

'പണ്ടും കുഞ്ഞിച്ചായൻ ഇങ്ങനെയാരുന്നു. ഞങ്ങടെ കൂട്ടത്തീന്നു് അകന്നു ജീവിക്കാനായിരുന്നു എന്നും കുഞ്ഞിച്ചായനു് ഇഷ്ടം! ഇപ്പം ഈ അവസാനകാലത്തും....മരിച്ചാൽ പോലും ഒന്നു് കാണാനൊക്കുവേലല്ലോ!'

അവൻ ഖേദിച്ചു. അവനെ ആശ്വസിപ്പിക്കാൻ ഡോക്ടർക്കു് വാക്കുകൾ ഇല്ലായിരുന്നു. മങ്ങിയ നിലാവെളിച്ചത്തിലും, അവൻെറ കൺകോണുകളിൽ ഉരുണ്ടുകൂടിയ നീർത്തുള്ളികളുടെ തിളക്കം കാണാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ഒരു നിമിഷത്തെ ഇടവേളക്കുശേഷം അനിയൻകുഞ്ഞു് തന്നോടുതന്നെ മന്ത്രിച്ചു.

'ഒരു കണക്കിനു് ഇനി കുഞ്ഞിച്ചായൻ ഇവിടെ ചുററുന്നതു് ആക്കുവേണ്ടിയാ? പൊയ്ക്കോട്ടെ. വേഗം പൊയ്ക്കോട്ടെ.'

ഡോക്ടറുടെ കൈ കവന്നെടുത്തു് രണ്ടു കൈകൊണ്ടും നെഞ്ചിൽ ചേർത്തു പിടിച്ചുകൊണ്ടു് അവൻ തിരക്കി.

'പോകുന്നേനുമുമ്പു് കുഞ്ഞിച്ചായൻ ഇതിലെ വരുമോ?'

'തീർച്ച പറയുന്നില്ല. ഒരു പക്ഷെ സൗകര്യം കിട്ടിയാൽ വരും.'

'വന്നില്ലെങ്കിലും പോകുന്ന ദിവസം അറിയിക്കണേ.'

അവൻ ആവശ്യപ്പെട്ടു.

പിന്നെ ഡോക്ടറുടെ കൈയ്യിലെ പിടിവിട്ടിട്ടു് തലയിളക്കി യാത്രാനുമതി ചോദിച്ചു.

അവൻ അകത്തേക്കു കയറിപ്പോകുന്നതും, ആനിയോടും മററുള്ളവരോടുമൊക്കെ യാത്ര പറയുന്നതും, പിന്നീടു് ഇരുട്ടിലൂടെ ടോർച്ചും തെളിച്ചു് നടന്നു പോകുന്നതും നോക്കി ഡോക്ടർ മുററത്തുതന്നെനിന്നു.

(തുടരും)

## ക്രിസ്താനുകരണം ...

(2–ാം പേജിൽനിന്നു തുടർച്ച)

പ്രവാചകന്മാരും ഇത്തരം പരിവർത്തനത്തെക്കുറിച്ചു് വളരെ മുൻപുതന്നെ മിക്കപ്പോഴും അറിഞ്ഞിരുന്നു. ദൈവപ്രസാദം തന്നോടൊപ്പമുണ്ടായിരുന്ന കാലത്തെക്കുറിച്ചു് അവരിൽ ഒരുവൻ ഇപ്രകാരം പറയുന്നതായി കാണുന്നു– 'അനായാസതയുടെ കാലങ്ങളിൽ ഞാൻ ചിന്തിക്കുകയുണ്ടായി, ഇപ്പോൾ യാതൊന്നിനും എന്നെ ഇളക്കുവാൻ സാധിക്കുകയില്ല'. എന്നാൽ പ്രസാദം പിൻവലിക്കപ്പെട്ടപ്പോഴുണ്ടായ യാതനയെക്കുറിച്ചു് അവൻതന്നെ നമ്മോടിങ്ങനെ പറയുന്നു. 'പിന്നീടു് നീ നിൻെറ മുഖം എന്നിൽ നിന്നു് തിരിച്ചുകളഞ്ഞു, ഞാനിനി ഒരിക്കലും ശാന്തിയിൽ വർത്തിക്കുകയില്ല'. എന്നിട്ടും അവൻ നിരാശനാകാതെ നാഥനോടു് അത്യാവശ്യത്തോടെ ഇങ്ങനെ പ്രാർത്ഥിച്ചു. 'നിന്നോടു വാദിക്കുവാനോ ദൈവദയയ്ക്കായി കരഞ്ഞപേക്ഷിക്കുവാനോ ഞാൻ ശങ്കിച്ചു. നാഥാ, എന്നെ കേൾക്കണമേ, ശിക്ഷയിൽ നിന്നൊഴിവാക്കേണമേ, അല്ലയോ നാഥാ നിൻെറ സഹായം എനിക്കു് മിത്രഭാവത്തിൽ ആയിത്തീരട്ടെ' ഒടുവിൽ തൻെറ പ്രാർത്ഥനയുടെ പ്രതിഫലം അവനു ലഭിച്ചു; ദൈവം തന്നെ കേട്ടതായും അയാൾ പ്രഖ്യാപിച്ചു. എന്നിട്ടു് താൻ എന്താണു് പ്രതിവചിച്ചതു് എന്നു പറയുന്നു. 'അതിനാൽ അവിടുന്നു് എൻെറ വിഷാദത്തെ ആഹ്ലാദമാക്കി; അവിടുന്നു് സന്തോഷംകൊണ്ടു് എനിക്കു് അരപ്പട്ട ചാർത്തി.'

മഹാവിശുദ്ധന്മാരോടു് ദൈവം ഇപ്രകാരം പെരുമാറിയെങ്കിൽ, ചിലപ്പോൾ നമുക്കു് ഭക്ത്യാവേശവും ചിലപ്പോൾ നിസ്സംഗശീതവും അനുഭവപ്പെടുകയാണെങ്കിൽ, ദുർബ്ബലരും ദരിദ്രരുമായ നാം നിരാശപ്പെട്ടു കൂടാ; എന്തെന്നാൽ അവൻെറ സ്വന്തം ഹിതം മാത്രമനുസരിച്ചു് ആത്മാവു് ആഗമിക്കുന്നു, നിർഗ്ഗമിക്കുന്നു. ധന്യനായ ഈയോബു് പറയുന്നതുപോലെ 'അവിടുന്നു് അതിരാവിലെ അവനെ സന്ദർശിക്കുന്നു. അവിടുന്നു്, പെട്ടെന്നു് അവനെ ന്യായീകരിക്കുന്നു'.

## വചനത്തിൻെറ സുവർണ്ണം

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ടു് ചെയ്ത 52 ഞായറാഴ്ചകളിൽ വി. കുർബ്ബാന മദ്ധ്യേ നടത്തുന്ന പ്രസംഗങ്ങൾ പ്രഭാഷണങ്ങൾ ഹെറാൾഡ് ഓഫീസ് ദേവലോകം, ഓർത്തഡോക്സ് ചർച്ചു് ബുക്കു ഹൗസ് കോട്ടയം, സി. എൽ എസ്. ബുക്ക്ഷോപ്പ് തിരുവല്ല, പരുമല സെമിനാരി, എം.ജി.ഒ.സി.എസ്.എം.ബുക്ക് ഡിപ്പോ കോട്ടയം, സെൻറ് സ്റ്റീഫൻസ് ബുക്ക് ഷോപ്പ് പത്തനംതിട്ട എന്നിവിടങ്ങളിൽ വിതരണത്തിനു് ലഭിക്കുന്നതാണു്.

വൈദികർക്കും സുവിശേഷപ്രസംഗകർക്കും

ഒരുത്തമ റഫറൻസ് ഗ്രന്ഥം

വില 50 രൂപാ.

## ലോകസമാധാന—

(1–ാം പേജിൽനിന്നും തുടർച്ച)

യ്ക്കും ചെങ്ങന്നൂരിനും ഇടയ്ക്കു് കേന്ദ്രീകരിച്ചു നടത്താനുദ്ദേശിക്കുന്ന പ്രസ്തുത പരിപാടിയെക്കുറിച്ചു് ഇമാം സുവാർത്താമിഷൻ ഡയറക്ടർ പോൾ സിനിരാജ് മുഹമ്മദ് വെളിപ്പെടുത്തിയതാണു് ഈ വിവരം.







Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038